<u>**ക്വട്ടേഷൻ നോട്ടീസ്**</u>

**നം: എഡിബി 3/1/ ഇ-വേസ്റ്റ്/2019-20** **18.10.19**

മഹാത്മാഗാന്ധി സർവകലാശാല ക്യാമ്പസ്സിലെ വിവിധ സെക്ഷനുകളിലും ഡിപ്പാർട്ടുമെൻറുകളിലുമായി സൂക്ഷിച്ചിരിക്കുന്ന ഇലക്ട്രോണിക്/ഇലക്ട്രിക്കൽ വേസ്റ്റുകൾ തൂക്കി വാങ്ങുന്നതിന് താൽപര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും മത്സരാടി സ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ഉപയോഗം കഴിഞ്ഞ കമ്പ്യൂട്ടറുകൾ, എയർ കണ്ടീഷനുകൾ, പ്രിൻററുകൾ, വിവിധ ഇലക്ട്രിക്കൽ ഉപകരണങ്ങൾ എന്നിവയാണ് വിൽക്കാൻ ഉദ്ദേശിക്കുന്നത്. മുദ്ര വച്ച കവറിലുള്ള ക്വട്ടേഷനുകൾ ഡെപ്യൂട്ടി രജിസ്ട്രാർ II(ഭരണം), മഹാത്മാഗാന്ധി സർവകലാശാല, പി.ഡി.ഹിത്സ് പി.ഒ., കോട്ടയം-686560 എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മാർഗ്ഗമോ എത്തിക്കേണ്ട അവസാന തീയതി **28.10.2019 2.00 p.m** ക്വട്ടേഷൻ ഫോറം **www.mgu.ac.in** എന്ന വെബ് സൈറ്റിൽ നിന്നും ഡൗൺ ലോഡ് ചെയ്യാവുന്നതോ എ.ഡി.ബി.3 സെക്ഷനിൽ നിന്നും കൈപ്പറ്റാവുന്നതോ ആണ്.ക്വട്ടേഷനുകൾ അടക്കം ചെയ്ത കവറിൽ "**ക്വട്ടേഷൻ/ ഇ-വേസ്റ്റ് -2019**"എന്ന് രേഖപ്പെടുത്തിയിരിക്കണം. ക്വട്ടേഷനുകൾ തുറക്കുന്ന തീയതി **28.10.2019** സമയം **3.00 p.m**

N.B.ക്വട്ടേഷനുകൾ തുറക്കുന്ന തീയതി മാറ്റുന്നതിനോ ലഭിച്ച ക്വട്ടേഷനുകൾ കാരണം കാണിക്കാതെ തന്നെ നിരസിക്കുന്നതിനോ ഉള്ള അധികാരം നിർവഹകണ ഉദ്യോഗസ്ഥന് ഉണ്ടായിരിക്കും.

**(ഒപ്പ്)**
**ഡെപ്യൂട്ടി രജിസ്ട്രാർII(ഭരണം)**
**രജിസ്ട്രാർക്ക് വേണ്ടി**

# <u>ക്വട്ടേഷൻ നിബന്ധനകൾ</u>

1) രജിസ്ട്രേഡ് തപാൽ മാർഗ്ഗമോ നേരിട്ടോ, **ഡി.ആർ.(ഭരണം)II, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം - 686560** എന്ന വിലാസത്തിൽ ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതി **28.10.2019 2.00 p.m** ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ 5000/- രൂപ ഫിനാൻസ് ഓഫീസർ ,എം.ജി.സർവകലാശാല യുടെ പേരിൽ ഡി.ഡി. യായി എടുത്ത് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

2) ക്വട്ടേഷൻ അടക്കം ചെയ്ത കവറിൽ **"ഇ-വേസ്റ്റ് - 2019"** എന്ന് രേഖപ്പെടുത്തണം. ക്വട്ടേഷനുകൾ തുറക്കുന്ന തീയതിയും സമയവും: **28.10.2019 3.00 p.m**

3) രേഖപ്പെടുത്തുന്ന വില യൂണിവേഴ്സിറ്റിക്ക് ലാഭകരമായി ബോദ്ധ്യപ്പെടാത്ത പക്ഷം ആ ഇനത്തിലെ ക്വട്ടേഷൻ റദ്ദ് ചെയ്യുന്നതാണ്. ക്വട്ടേഷൻ ഉറപ്പിക്കുന്നതുൾപ്പെടെയുള്ള എല്ലാ കാര്യത്തിലും സർവ്വകലാശാലയുടെ തീരുമാനം അന്തിമമായിരിക്കും.

4) ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടുന്നയാൾ വിൽപ്പനയ്ക്കുള്ള സാധനങ്ങൾ അറിയിക്കുന്നതനുസരിച്ച് യൂണിവേഴ്സിറ്റി കാമ്പസിൽ ലഭ്യമായ സ്ഥലങ്ങളിൽ നിന്നു ശേഖരിച്ച് ആയതിന്റെ വിലയും നിലവിലുള്ള നിരക്കിൽ വിൽപന നികുതിയും അടച്ച് തീർത്ത് രസീത് വാങ്ങേണ്ടതും, നിശ്ചിത ദിവസത്തിനകം മാറ്റേണ്ടതുമാണ്.

5) ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടുന്ന വ്യക്തി/വ്യക്തികൾ നിശ്ചിത ദിവസത്തിനകം സാധനം എടുക്കാതെ പിന്മാറുന്ന പക്ഷം പുനർവിൽപ്പനയിൽ ഉണ്ടാകാവുന്ന എല്ലാ നഷ്ടങ്ങൾക്കും ബന്ധപ്പെട്ട പാർട്ടി ഉത്തരവാദിയായിരിക്കുന്നതാണ്. നിരതദ്രവ്യം ഉൾപ്പെടെ അതുവരെ അടച്ച എല്ലാ തുകയും സർവകലാശാലാ ഫണ്ടിലേക്കു മുതൽ കൂട്ടുന്നതും നഷ്ടം വരുന്ന തുക കോടതിച്ചിലവുൾപ്പെടെ ഈടാക്കാനുള്ള നടപടി എടുക്കുന്നതും ആണ്.

6) പ്രത്യേക കാര്യങ്ങളുടെ അടിസ്ഥാനത്തിലോ അല്ലാതെയോ ഉറപ്പിച്ച ദർഘാസ് റദ്ദാക്കുന്നതിനുള്ള അധികാരം സർവ്വകലാശാല രജിസ്ട്രാറിൽ നിക്ഷിപ്തമാണ്.

7) ക്വട്ടേഷൻ നിബന്ധനകൾ പൂർണ്ണമായും പാലിക്കേണ്ടതാണ്.

8)ക്വട്ടേഷനുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ എ.ഡി.ബി.3 സെക്ഷനിൽ നിന്നും ലഭിക്കുന്നതാണ്.

ഫോൺ :0481-2733308

**(ഒപ്പ്)**

**ഡെപ്യൂട്ടി രജിസ്ട്രാർII(ഭരണം)**

**രജിസ്ട്രാർക്ക് വേണ്ടി**

മഹാത്മാഗാന്ധി സർവകലാശാല

**<u>ക്വട്ടേഷൻ ഫോറം</u>**

ക്വട്ടേഷൻനോട്ടീസ്നം.എ.ഡി.ബി.3/1/ഇ–വേസ്റ്റ് /19–20/ഭരണം,തീയതി 18.10.2019 പ്രകാരം മഹാത്മാഗാന്ധി സർവകലാശാല ക്യാമ്പസ്സിലെ വിവിധ സെക്ഷനുകളിലും ഡിപ്പാർട്ടുമെൻറുകളിലുമായി സൂക്ഷിച്ചിരിക്കുന്ന ഇലക്ട്രോണിക്/ഇലക്ട്രിക്കൽ വേസ്റ്റുകൾ സർവകലാശാല നിബന്ധനകൾക്കു വിധേയമായി ഒരു കിലോഗ്രാമിന് ............രൂപ നിരക്കിൽ (.......……………………………… ……………….........മാത്രം) തൂക്കി വാങ്ങുവാനുള്ള സന്നദ്ധത അറിയിക്കുന്നു.

ഒപ്പ്:

പേര്:

വിലാസം:

GST No:

തീയതി: